ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

സംഗ്രഹം

നിയമ (ഭരണ I) വകുപ്പ് - നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിയമ (ഭരണ I) വകുപ്പ്

സ.ഉ. (സാധാ) നം. 397/2018/നിയമം — തീയതി, തിരുവനന്തപുരം, 10.04.2018

പരാമർശം:- 1) സ.ഉ. (സാധാ) നം. 2223/2018/പൊ.ഭ.വ. തീയതി 06/04/2018

2) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറുടെ 28.02.2018 ലെ 66/D/2016-KILA-CHRD നമ്പർ നടപടി ക്രമം.

3) സ.ഉ. (സാധാ) നം. 1552/2018/പൊ.ഭ.വ. തീയതി 13.03.2018.

4) ഫയൽ നം. 10337/ഭരണ I(2)/2017/നിയമം.

ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) മാരായ ശ്രീ. രഘുകുമാർ എസ്., ശ്രീമതി കെ. ചന്ദ്രശോഭ, ശ്രീ. ജയകുമാർ റ്റി., ശ്രീമതി റ്റി.പി. രശ്മി എന്നിവർക്ക് അണ്ടർ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന നിയമ വകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ നാല് ഒഴിവുകൾ ഉണ്ടായിട്ടുള്ളതാണ്. കൂടാതെ നിയമ വകുപ്പിലെ സെക്ഷൻ ഓഫീസറും അന്യത്രസേവന വ്യവസ്ഥയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ ഓഫീസ് മാനേജരായിരുന്ന ശ്രീ. മദനകുമാർ എസ്.ആർ., അന്യത്രസേവന കാലാവധി പൂർത്തിയായതിനെ തുടർന്ന് നിയമ വകുപ്പിൽ 01.03.2018 പൂർവ്വാഹ്നത്തിൽ ജോലിക്ക് ഹാജരായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവാകുന്നു.

അന്യത്രസേവന കാലാവധി പൂർത്തിയായതിനെ തുടർന്ന് നിയമ വകുപ്പിൽ ജോലിക്ക് ഹാജരായിരിക്കുന്ന നിയമ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ. മദനകുമാർ എസ്.ആർ. (പെൻ നം. 165522)നെ നിയമ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് നിയമ (കൺവെയൻസിംഗ് സെൽ) വകുപ്പ് സെക്ഷൻ ഓഫീസറായി, ശ്രീമതി ലേഖ എസ്., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു. നിയമ(അക്കൗണ്ട്സ്) വകുപ്പിന്റെ ചുമതലയും PRISM നോഡൽ ഓഫീസറുടെ ചുമതലയും ശ്രീ. മദനകുമാർ എസ്. ആർ വഹിക്കേണ്ടതാണ്.

നിയമ(ഭരണ II) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീ കൃഷ്ണകുമാർ വി.ആർ(പെൻ നം. 106815) നെ സ്ഥലംമാറ്റം നൽകി,നിയമ (നോഡൽ) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീ ജയകുമാർ എസ്., സെക്ഷൻ ഓഫീസറെ സ്ഥലംമാറ്റുന്ന ഒഴിവിൽ, നിയമിക്കുന്നു.

നിയമ(ലെഗ് എച്ച്) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീമതി ശ്രീജ ഡി.കെ.യെ(പെൻ നം.488704) നെ സ്ഥലംമാറ്റം നൽകി,നിയമ (ഭരണ II) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീ കൃഷ്ണകുമാർ വി.ആർ., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ(ലെഗ് ഡി) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീമതി ബീന കെ.ബി.യെ(പെൻ നം. 447334) നെ സ്ഥലംമാറ്റം നൽകി, നിയമ (ഉപദേശ ഇ) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീ റ്റി.ജയകുമാർ, സെക്ഷൻ ഓഫീസർക്ക് സ്ഥാനകയറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ(നോഡൽ) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീ ജയകുമാർ എസ്.(പെൻ നം. 132497) നെ സ്ഥലംമാറ്റം നൽകി, നിയമ (ഭരണ I) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീ രഘുകുമാർ എസ് സെക്ഷൻ ഓഫീസർക്ക് സ്ഥാനകയറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ(എച്ച്) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീമതി റീന ഡി.(പെൻ നം. 134451) നെ സ്ഥലംമാറ്റം നൽകി, നിയമ (ലെഗ് സി) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീമതി ഷിജി വി., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റുന്ന ഒഴിവിൽ, നിയമിക്കുന്നു.

നിയമ(ഉപദേശ എഫ്) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീ രാജകുമാർ എൻ.(പെൻ നം. 387624) നെ സ്ഥലംമാറ്റം നൽകി, നിയമ (ലെഗ് ഡി) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീമതി ബീന കെ.ബി., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ(അക്കൗണ്ട്സ്) &നിയമ (കൺവെയൻസിംഗ് സെൽ) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീമതി ലേഖ എസ്.(പെൻ നം. 558940) നെ സ്ഥലംമാറ്റം നൽകി, നിയമ (ഉപദേശ എഫ്) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീ രാജകുമാർ എൻ., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ(ലെഗ് സി) വകുപ്പ് സെക്ഷൻ ഓഫീസറായ ശ്രീമതി ഷിജി വി.(പെൻ നം. 657181) നെ സ്ഥലംമാറ്റം നൽകി, നിയമ(ലെഗ് എച്ച്) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീമതി ശ്രീജ ഡി.കെ., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നുള്ള ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായ ശ്രീമതി മിനി രാജഗോപാൽ(പെൻ നം. 134532) നെ സെക്ഷൻ ഓഫീസറായി സ്ഥാനക്കയറ്റം നൽകി നിയമ (ലെഗ് പബ്ലിക്കേഷനിൽ) വകുപ്പിൽ സെക്ഷൻ ഓഫീസറായി, ശ്രീമതിറ്റി.പി.രശ്മി, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ വകുപ്പിലെ ഏറ്റവും മുതിർന്ന അസിസ്റ്റന്റ് ലീഗൽ ഓഫീസറായ ശ്രീമതി പി. രജി (പെൻ നം. 614239)യെ സെക്ഷൻ ഓഫീസറായി സ്ഥാനക്കയറ്റം നൽകി നിയമ (ലെഗ് ഐ) വകുപ്പിലെ സെക്ഷൻ ഓഫീസറായി, ശ്രീമതി ചന്ദ്രശോഭ കെ., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

നിയമ വകുപ്പിലെ അടുത്ത മുതിർന്ന അസിസ്റ്റന്റ് ലീഗൽ ഓഫീസറായ ശ്രീ. മനോജ് എം.പി. (പെൻ നം. 401329) യെ സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമ (എച്ച്) വകുപ്പിലെ സെക്ഷൻ ഓഫീസറായി, ശ്രീമതി റീന ഡി., സെക്ഷൻ ഓഫീസർക്ക് സ്ഥലംമാറ്റം ലഭിച്ച ഒഴിവിൽ, നിയമിക്കുന്നു.

എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ ആർ.റ്റി.സി. അക്കൗണ്ടന്റ് ജനറലിനും നിയമ (ഭരണ I) വകുപ്പിനും നിയമ (അക്കൗണ്ട്സ്) വകുപ്പിനും നേരിട്ട് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബി.ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി

1. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
5. നിയമ സെക്രട്ടറിയുടെ പി.എ.
6. നിയമ (ഭരണ) വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ.
7. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്.
8. വെബ് & ന്യൂ മീഡിയ
9. നിയമ (നോഡൽ) വകുപ്പ്
10. നിയമ (അക്കൗണ്ട്സ്) വകുപ്പ്
11. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ